പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3317 | 14.03.2018 ൽ മറുപടിക്ക്

## ഡയാലിസിസ് യൂണിറ്റുകൾ

| ചോദ്യം<br>ശ്രീ. ശ്രീ.കെ.മുരളീധരൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, ഹൈബി ഈഡൻ<br>,, റോജി എം. ജോൺ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സാധാരണക്കാരായ വൃക്ക രോഗികൾക്ക് മികച്ച ചികിത്സാസഹായം ഒരുക്കുന്നതിന് താലൂക്ക്/ജനറൽ ആശുപത്രികളിൽ ആരംഭിച്ച ഡയാലിസിസ് യൂണിറ്റുകൾ സാമ്പത്തിക പ്രതിസന്ധി കാരണം അടച്ചുപൂട്ടുന്നുവെന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ ഈ ആരോപണം അടിസ്ഥാന രഹിതമാണ്. |
| (ബി) | വമ്പിച്ച ബാധ്യത വന്നതിനാൽ പല ആശുപത്രികളിലെയും പ്രസ്തുത യൂണിറ്റുകൾക്ക് പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്നറിയിക്കുമോ; താലൂക്ക് ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനത്തിനുള്ള തുക എപ്രകാരമാണ് കണ്ടെത്തുന്നതെന്ന് വിശദീകരിക്കുമോ; | (ബി) | എച്ച്.എം.സി., ആർ.എസ്.ബി.വൈ., വോളന്ററി ഓർഗനൈസേഷൻസ്, മറ്റ് സർക്കാരേതര ഫണ്ടുകൾ എന്നിവ ഉപയോഗിച്ചാണ് ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനത്തിനുള്ള തുക കണ്ടെത്തുന്നത്. അടിയന്തിര ഘട്ടത്തിൽ ഏതെങ്കിലും ആശുപത്രിയിൽ ഇക്കാര്യത്തിൽ സർക്കാർ ഫണ്ട് ആവശ്യമുള്ള പക്ഷം ആയത് പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത ആവശ്യത്തിന് രോഗികളിൽ നിന്നും എന്തെങ്കിലും തുക ഈടാക്കുന്നുണ്ടോ; പ്രസ്തുത തുക ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് മതിയാകുന്നതാണോയെന്നറിയിക്കുമോ; | (സി) | വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. അനുബന്ധത്തിൽ ഉൾപ്പെടാത്ത ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള മറ്റെല്ലാ സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിത്സ സൗജന്യമായി നൽകിവരുന്നു. |
| (ഡി) | അല്ലെങ്കിൽ പ്രസ്തുത യൂണിറ്റുകൾക്ക് മാത്രമായി പ്രത്യേക കോർപ്പസ് ഫണ്ട് രൂപീകരിക്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

സർക്കാർ ആശുപത്രികളിൽ നിന്നും ഡയാലിസിസിന് വേണ്ടി രോഗികളുടെ പക്കൽ നിന്നു ഈടാക്കുന്ന തുകയുടെ വിശദമായ റിപ്പോർട്ട്

| ക്രമ നം. | ജില്ല | സ്ഥാപനത്തിന്റെ പേര് | ഈടാക്കുന്ന രൂപ |
|---|---|---|---|
| 1 | കൊല്ലം | ജില്ലാ ആശുപത്രി, കൊല്ലം | എ.പി.എൽ 550 രൂപ<br>ബി.പി.എൽ 350 രൂപ |
| | | താലൂക്ക് ആശുപത്രി, പുനലൂർ | 700 രൂപ |
| | | താലൂക്ക് ആശുപത്രി, നീണ്ടകര | എ.പി.എൽ 550 രൂപ<br>ബി.പി.എൽ 350 രൂപ |
| 2 | പത്തനംതിട്ട | ജില്ലാ ആശുപത്രി, കോഴഞ്ചേരി | 206 രൂപ |
| 3 | ആലപ്പുഴ | താലൂക്ക് ആസ്ഥാന ആശുപത്രി, കായംകുളം | 650 രൂപ |
| | | താലൂക്ക് ആസ്ഥാന ആശുപത്രി, ചേർത്തല | 300 രൂപ |
| 4 | ഇടുക്കി | ജില്ലാ ആശുപത്രി, തൊടുപുഴ | 100 രൂപ<br>കാരുണ്യ, ആർ.എസ്.ബി.വൈ രോഗികൾക്ക് പരമാവധി 500 രൂപ പ്രതിമാസം. |
| 5 | എറണാകുളം | ജനറൽ ആശുപത്രി, എറണാകുളം | എ.പി.എൽ/ബി.പി.എൽ 100 രൂപ |
| | | ജില്ലാ ആശുപത്രി, ആലുവ | എ.പി.എൽ 500 രൂപ<br>ബി.പി.എൽ 200 രൂപ |
| | | താലൂക്ക് ആസ്ഥാന ആശുപത്രി, പെരുമ്പാവൂർ | എ.പി.എൽ/ബി.പി.എൽ 200 രൂപ |
| | | താലൂക്ക് ആസ്ഥാന ആശുപത്രി, ഫോർട്ട് കൊച്ചി | എ.പി.എൽ 200 രൂപ<br>ബി.പി.എൽ 100 രൂപ |
| | | താലൂക്ക് ആസ്ഥാന ആശുപത്രി, തൃപ്പൂണിത്തുറ | എ.പി.എൽ രൂപ<br>ബി.പി.എൽ 200 രൂപ |
| 6 | തൃശ്ശൂർ | ജനറൽ ആശുപത്രി, തൃശ്ശൂർ | എ.പി.എൽ 500 രൂപ<br>ബി.പി.എൽ 300 രൂപ |
| | | താലൂക്ക് ആസ്ഥാന ആശുപത്രി, ചാലക്കുടി | 700 രൂപ |
| 7 | പാലക്കാട് | ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, കോട്ടത്തറ | 980 രൂപ |
| 8 | മലപ്പുറം | ജില്ലാ ആശുപത്രി, നിലമ്പൂർ | കാരുണ്യ 650 രൂപ,<br>ആർ.എസ്.ബി.വൈ ഹെൽത്ത് ഇൻഷുറൻസ് 850 രൂപ<br>ആർ.എസ്.ബി.വൈ ചിസ് 980 രൂപ<br>മറ്റുള്ളവർക്ക് 300 രൂപ |
| 9 | കോഴിക്കോട് | ജനറൽ ആശുപത്രി, കോഴിക്കോട് | എ.പി.എൽ 450 രൂപ<br>ബി.പി.എൽ 350 രൂപ |
| | | താലൂക്ക് ആശുപത്രി, പേരാമ്പ്ര | 350 രൂപ |
| | | താലൂക്ക് ആശുപത്രി, താമരശ്ശേരി | 450 രൂപ |
| 10 | വയനാട് | ജില്ലാ ആശുപത്രി, മാനന്തവാടി | 300 രൂപ |
| | | താലൂക്ക് ആസ്ഥാന ആശുപത്രി, വൈത്തിരി. | 350 രൂപ |
| 11 | കണ്ണൂർ | ജില്ലാ ആശുപത്രി, കണ്ണൂർ | എ.പി.എൽ 600 രൂപ<br>ബി.പി.എൽ 400 രൂപ |

ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള മറ്റുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിത്സ സൗജന്യമായി നൽകിവരുന്നു.

സെക്ഷൻ ഓഫീസർ